# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **649**

**30-7-2015** ലെ മറുപടിക്ക്

## സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും വേണ്ടി കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. സെൽവരാജ്<br>,, പി എ മാധവൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ലൂഡി ലൂയിസ് | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
| --- | --- |
| എ) സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും വേണ്ടി എന്തെല്ലാം പുതിയ കർമ്മ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ? | എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ക്ഷേമത്തിനായി സഹകരണ മെമ്പർ റിലീഫ് ഫണ്ട് എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിലേക്കായി ഓരോവർഷവും സംഘങ്ങളുടെ അറ്റലാഭത്തിന്റെ 10% തുക, പരമാവധി 1 ലക്ഷം രൂപ സഹകരണ മെമ്പർ റിലീഫ് ഫണ്ടിലേക്ക് വകമാറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഫണ്ടിൽ നിന്നും എല്ലാ സഹകണ സംഘങ്ങളിലേയും (ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന) അർഹരായ അംഗങ്ങളുടെ ക്ഷേമത്തിനായി തുക വിനിയോഗിക്കുന്നതാണ്. ഇതിനുള്ള പദ്ധതി രൂപീകരിച്ചുവരുന്നു.<br>കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്, അംഗങ്ങളായ സഹകരണ ജീവനക്കാർക്ക് അനുവദിച്ചുവരുന്ന ആനുകൂല്യങ്ങളായ മരണാനന്തര ധനസഹായം, ചികിത്സാധനസഹായം, റീഫണ്ട് നൽകുമ്പോൾ അനുവദിക്കുന്ന ഇൻസെന്റീവ് എന്നിവയ്ക്ക് അനുവദിച്ചുവരുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ചികിത്സാ ധനസഹായത്തിന് അർഹത ലഭിക്കുന്ന രോഗങ്ങളുടെ ലിസ്റ്റിൽ കൂടുതൽ രോഗങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>സഹകരണ സംഘത്തിൽ നിന്നും സൂപ്പറാനുവേഷനായി വിരമിച്ചതും 75 വയസ്സിനു മുകളിൽ പ്രായമുള്ളവരും മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതുമായ സഹകരണ സംഘം ജീവനക്കാർക്കായി 'ആശ്വാസ് പെൻഷൻ' അനുവദിച്ചുവരുന്നുണ്ട്. |
| ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി ആവിഷ്കരിച്ചിട്ടുള്ളത്; | (ബി) ജീവനക്കാരുടെ ക്ഷേമനിധി ബോർഡിന്റെ പദ്ധതി പ്രകാരം ജീവനക്കാർ വിരമിക്കുമ്പോൾ അടച്ച തുക തിരികെ നൽകുന്നതിനോടൊപ്പം നൽകുന്ന 5% ഇൻസെന്റീവ് 10% ആക്കി വർദ്ധിപ്പിക്കുന്നതിനും |

മരണാനന്തര ധനസഹായം 1,50,000/- രൂപയിൽനിന്നും 2,00,000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതി നുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ , ചികിത്സാധന സഹായ ഇനത്തിൽ അംഗങ്ങൾക്ക് അനുവദിക്കു ന്നതും വർദ്ധിപ്പിക്കുന്നതുമായ വിവര ങ്ങൾ ചുവടെ ചേർക്കുന്നു.

ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, കിഡ്നി നീക്കം ചെയ്യൽ, കരൾ മാറ്റിവയ്ക്കൽ എന്നിവയ്ക്ക് അനുവദിച്ചു വരുന്ന 75,000/- രൂപ 1,25,000/- രൂപയാക്കുന്നതിനും കാഴ്ച ശക്തിയ്ക്കുണ്ടാകുന്ന വൈകല്യം, തളർവാതം, അപകടംമൂലമോ മറ്റ് കാരണങ്ങളാലോ ഉണ്ടാകുന്ന അംഗവൈകല്യം, ബ്രെയിൻ ട്യൂമർ, എപ്പിലെപ്സി, മാരകമായ ഹെഡ് ഇൻജുറി, മെനിഞ്ചൈറ്റിസ്, എൻകഫലൈറ്റിസ്, തലച്ചോറിനേയും സ്പൈനൽകോഡിനേയും ബാധിക്കുന്ന ഡീജനറേറ്റീവ് രോഗങ്ങൾ എന്നിവയ്ക്ക് ഇപ്പോൾ നൽകിവരുന്ന ചികിത്സാധന സഹായം 50,000/- രൂപ എന്നത് 60,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും, ടി രോഗങ്ങൾക്ക് ആശ്രിത ചികിത്സാധന സഹായ ഇനത്തിൽ നൽകി വരുന്ന 25,000/- രൂപ 30,000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും യൂട്രസ്സ് റിമൂവൽ, ഹൃദയ സംബന്ധമായ അസുഖം (ഹൃദ യ ശസ്ത്ക്രിയ ഒഴികെ), വൃക്ക സംബന്ധമായ അസുഖം (വൃക്ക മാറ്റിവയ്ക്കൽ ഒഴികെ), ലിവർ സിറോസിസ്, തൈറോയ്ഡ് ഓപ്പറേഷൻ, ഹെർണിയ ഓപ്പറേഷൻ എന്നിവയ്ക്ക് നൽകി വരുന്ന 15,000/- രൂപ എന്നത് 20,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും, ആസ്ത്മ, ക്ഷയരോഗം, ചിക്കുൻഗുനിയ എന്നിവയ്ക്ക് നൽകി വരുന്ന 10,000/- രൂപ എന്നത് 15,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനു മുള്ള നടപടികൾ സ്വീകരിച്ചു.

സഹകരണ സംഘത്തിൽ നിന്നും സൂപ്പറാനുവേഷനായി വിരമിച്ചതും 75 വയസ്സിനു മുകളിൽ പ്രായമുള്ളവരും മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത വിരമിച്ച ജീവന ക്കാർക്ക് പെൻഷൻ ഫണ്ടിനത്തിൽ യാതൊരു തുകയും അടവാക്കാതെ പ്രതിമാസം 1000/- രൂപ 'ആശ്വാസ് പെൻഷൻ' പദ്ധതി പ്രകാരം സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്നും അനുവദിച്ചു വരുന്നു ണ്ട്.

സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

(സി) സഹകരണ മെമ്പർ റിലീഫ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ 2014 ലെ സഹകരണ ചട്ട ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ടി ഫണ്ട് ശേഖരിക്കുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ്ഡോഫീസ് ബ്രാഞ്ചിൽ സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ അക്കൗണ്ട് തുടങ്ങുകയും തുക അടയ്ക്കുന്നതിന് സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കരട് തയ്യാറാക്കിവരുന്നു.

കൂടാതെ വിരമിച്ച സഹകരണ സംഘം ജീവനക്കാർക്ക സമാശ്വാസ പെൻഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ